**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **12.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 2392**

**വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്നതിന് നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | സംസ്ഥാനത്തെ വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി വ്യവസായം ആരംഭിക്കുന്നതിനുള്ള വിവിധ അനുമതികൾ വേഗത്തിലാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | സംസ്ഥാനത്തെ വ്യവസായ പുരോഗതി ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപം ആകർഷിപ്പിക്കുന്നതിന്റെയും ഭാഗമായി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" പുറപ്പെടുവിക്കുകയും ആയതിന്റെ ഭാഗമായി പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകളിൽ/ഏജൻസികൾ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതിനായി കെ-സിഫ്റ്റ് 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ.<br><br>സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻറ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 ഭേദഗതി വരുത്തുകയും കൂടാതെ മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽ ഉൾപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019 -ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.<br><br>വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് സമയ ബന്ധിതമായി അതായത് അപേക്ഷ നൽകി ഒരു മാസത്തിനകം ലഭിക്കുന്നതിലേക്കായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായി ജില്ലാ ബോർഡുകളും, സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാനും, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ കൺവീനറുമായി സംസ്ഥാന ബോർഡും രൂപീകരിക്കപ്പെട്ടിട്ടുണ്ട്. 15 കോടി വരെയുള്ളവയുടെ ചുമതല ജില്ലാ ബോർഡിനും 15 കോടിയ്ക്ക് മുകളിൽ ഉള്ളവയുടെ ചുമതല സംസ്ഥാന ബോർഡിലും നിക്ഷിപ്തമാണ്. |

**സെക്ഷൻ ഓഫീസർ**